*"ഭരണഭാഷ-മാതൃഭാഷ"*

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം**

**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം**

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കോട്ടയം - ചങ്ങനാശ്ശേരി നഗരസഭ - റസിഡൻഷ്യൽ കെട്ടിടനിർമ്മാണം (EID/LW വിഭാഗം) - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 10.01.2022-ലെ E1/BA/314/20-21 നമ്പർ കത്ത്.
2. ഇ ഓഫീസിൽ നിന്നുള്ള 26.10.2021 ലെ TCPKTM/480/2021-C നമ്പർ കത്ത്
3. ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 10.01.2022-ലെ E1/BA/314/20-21 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ : TCPKTM/32/2022-C** **തീയതി : 27/01/2022**

---

ചങ്ങനാശ്ശേരി നഗരസഭയിൽ, വാഴപ്പള്ളി ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 95 - ൽ റീ സർവേ നമ്പർ 27/55-2 ൽ പെട്ട 2.28 ആർ സ്ഥലത്ത് PMAY പദ്ധതിയിൽ ഉൾപ്പെടുത്തി 37.92 $m^2$ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അംഗീകരിച്ച ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ളാനിന്റെ മേഖലാ നിയന്ത്രണ ചട്ടം പ്രകാരം Developable Agricultural Zone ഏരിയയിൽ ഉൾപ്പെടുന്ന പ്ലോട്ടിൽ പരമാവധി 200 $m^2$ വിസ്തീർണ്ണമുള്ള ഏക വാസഗൃഹങ്ങൾക്ക് കവറേജ് 40 % ൽ പരിമിതപ്പെടുത്തി, 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസോടെ അനുമതി നൽകാവുന്ന ഉപയോഗമാണ്.

അപേക്ഷകയുടെ വസ്തു നെൽവയൽ തണ്ണീർത്തട നിയമം പാലിക്കുന്നുണ്ട് എന്ന് നഗരസഭാ സെക്രട്ടറി സൂചന-3 കത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 5(4), ചട്ടം 5(6)(1)(c), ചങ്ങനാശ്ശേരി ഡവലപ്മെന്റ് പ്ളാനിന്റെ മേഖലാ നിയന്ത്രണ ചട്ടം എന്നിവ പ്രകാരം 37.92 $m^2$ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിന് താഴെ പറയുന്ന നിബന്ധനകളോടെ കൺകറൻസ് നൽകുന്നു.

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ലെ ചട്ടം.5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട

നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.

2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമാണാവകാശം, ഉടമസ്ഥാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്കു ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം. ചട്ടം 6(4)(a)(i) പ്രകാരം അപേക്ഷകൻറെ വക തുടർച്ചയായി വരുന്ന സ്ഥലം മുഴുവനും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം.
3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. കെട്ടിടത്തിന്റെ തറ നിരപ്പ് ഉയർന്ന വെള്ളപ്പൊക്ക നിരപ്പിനു മുകളിലായിരിക്കണം.
5. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകുവാൻ പാടുള്ളു.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 02/2022/KTYM)

ANILKUMAR P, TP TPKTYM, O/O TP TPKTYM

**സെക്രട്ടറി**
ചങ്ങനാശ്ശേരി നഗരസഭ (ഉള്ളടക്കം സഹിതം)

DESPATCHED
Date..31.01.22

**പകർപ്പ്**:

1. ശ്രീമതി. രമാദേവി ആർ, ശ്രീവിലാസം, ചങ്ങനാശ്ശേരി
2. അധികം -1